


## കുത്തനൂർ, പടിഞ്ഞാറേതറ

## ശ്രീ ഭദ്രകാളി ക്ഷേത്രം, ശ്രീ മേലൂർ തലച്ചിലവൻ ക്ഷേത്രം




# നവീകരണ അഷ്ടബന്ധ കലശം

## 2025 മാർച്ച് 27 മുതൽ ഏപ്രിൽ 3 വരെ

## വിഷുവേല

**2025 ഏപ്രിൽ 14**

## കണ്യാർകളി മഹോത്സവം

**2025 ഏപ്രിൽ 15 മുതൽ 19 വരെ**

 

ഭക്തജനങ്ങളെ,

കുത്തനൂർ തട്ടകത്ത് എല്ലാ ജനങ്ങൾക്കും അനുഗ്രഹം ചൊരിയുന്ന ഭദ്രകാളിയുടെ അവതാരങ്ങളായ ശ്രീ മന്ദത്തു ഭഗവതിയും ശ്രീ തിരുപുരായ്ക്കൽ ഭഗവതിയും, ദേവദേവനായ പരമശിവന്റെ അവതാരമായ കിരാതമൂർത്തിയും കുടികൊള്ളുന്ന കുത്തനൂർ പടിഞ്ഞാറേതറ ശ്രീ മേലൂർ തലച്ചിലവൻ ക്ഷേത്രത്തിൽ **2025 മാർച്ച് മാസം 27 വ്യാഴാഴ്ച മുതൽ ഏപ്രിൽ 3 – ാം തിയ്യതി വ്യാഴാഴ്ച വരെ** ക്ഷേത്രം തന്ത്രി തന്ത്രരത്നം **ബ്രഹ്മശ്രീ അണ്ടലാടിമന പരമേശ്വരൻ നമ്പൂതിരിയുടെ** മുഖ്യകാർമികത്വത്തിൽ **നവീകരണ അഷ്ടബന്ധകലശം** നടത്തുന്ന വിവരം വളരെ ഭക്തിയോടും നിറഞ്ഞ സന്തോഷത്തോടെയും ഈ നാട്ടിലെ എല്ലാ നല്ലവരായ ഭക്തജനങ്ങളെയും അറിയിക്കുന്നു.

ഭക്തരെ നമ്മുടെ മനസ്സിലെ ദുഃഖങ്ങളെല്ലാം മാറ്റി നല്ലൊരു നാളേക്കായി പ്രാർത്ഥിക്കുവാൻ മാത്രമേ ഈ കലികാലത്തിൽ നാം ഓരോരുത്തർക്കും ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള സ്ഥലമാണ് ഓരോ ആരാധനാലയങ്ങളും. ഈ ആരാധനാലയങ്ങൾ നിലനിർത്തി സംരക്ഷിച്ചു പോരേണ്ടത് ആ ദേശത്തുള്ളവരുടെ കടമയാണ് ഇത്തരം ആരാധനാലയങ്ങളിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടത്തുന്ന ഉത്സവങ്ങളിൽ ഒത്തുചേരുമ്പോൾ പരസ്പരം കാണുവാനും സ്നേഹവും, ഐക്യവും നിലനിർത്താനും സാധിക്കുന്നു. നിത്യേന ചിട്ടയോടെയുള്ള പൂജ ചെയ്ത് നിറ ചൈതന്യത്തോടെയുള്ള നമ്മുടെ ക്ഷേത്രത്തിൽ എല്ലാ ദിവസവും വന്നു തൊഴുതുന്നതുതന്നെ മഹാഭാഗ്യമാണ് നാം ഓരോരുത്തരും കഴിവിന്റെ പരമാവധി സഹായിച്ച് ഈ ക്ഷേത്രം നിലനിർത്തി ഈ മഹോത്സവത്തിൽ പങ്കാളികളായി നമ്മുടെ ജീവിതത്തിൽ ചെയ്യാവുന്ന ഏറ്റവും മഹത്തായ കാര്യമായി കണക്കാക്കി നാം ഓരോരുത്തരുടെയും സാന്നിദ്ധ്യം ആ സമയത്ത് ഉണ്ടായി എല്ലാവരുടെയും പരിപൂർണ്ണ സഹകരണം അഭ്യർത്ഥിക്കുന്നു.

എന്ന്
ക്ഷേത്ര കമ്മിറ്റി

**സംഭാവനകൾ അയക്കേണ്ട വിലാസം**

**Secretary / Treasurer**
Sree Meloor Thalachilavan Kshetra Kshema Samithi
West Thara, Kuthanur P.O., Palakkad

**PUNJAB NATIONAL BANK**
**SB A/c. No. : 4305000100036961**
**IFSC CODE : PUNB0430500**

വഴിപാടുകൾക്കും മറ്റു
വിശദവിവരങ്ങൾക്കും ബന്ധപ്പെടുക.
www.srimelurthalachilavantemple.com

# വിശേഷപരിപാടികൾ

## 27.03.2025 വ്യാഴം

| | |
|---|---|
| വൈകുന്നേരം 5 മണിമുതൽ | ആചാര്യവരണം<br>ഗണപതിപൂജ, മുളയിടൽ, ദീപാരാധന, പ്രസാദശുദ്ധി, അസ്ത്രകലശപൂജ, രക്ഷോഘ്നഹോമം, വാസ്തുകലശപൂജ, വാസ്തുഹോമം, വാസ്തുബലി, വാസ്തു കലശാഭിഷേകം, അത്താഴപൂജ |
| വൈകുന്നേരം 8 മണിക്കുശേഷം | പ്രത്യേക കലാപരിപാടി |

## 28.03.2025 വെള്ളി

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതിഹോമം, ഉഷപൂജ, മുളപൂജ ബിംബശുദ്ധി കലശപൂജ (ചതുർത്ഥി, ധാര, പഞ്ചകം, പഞ്ചഗവ്യം) പ്രോക്തഹോമം, ബിംബശുദ്ധി, കലശാഭിഷേകം, ഹോമകലശാഭിഷേകം, ഉച്ചപൂജ |
| വൈകുന്നേരം 5.00 മണിമുതൽ | ഹോമകുണ്ഡശുദ്ധി, ദീപാരാധന, മുളപൂജ, മഹാഭഗവത് സേവ, അത്താഴപൂജ |
| വൈകുന്നേരം 8 മണിക്കുശേഷം | കലാപരിപാടികൾ |

## 29.03.2025 ശനി

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതി ഹോമം, ഉഷപൂജ, മുളപൂജ, പ്രായശ്ചിത്ത ഹോമം, ഹോമകലാശാഭിഷേകം , ഉച്ചപൂജ, കിരാതമൂർത്തിക്ക് കലശാഭിഷേകം |
| വൈകുന്നേരം 5 മണിമുതൽ | ഹോമകുണ്ഡശുദ്ധി, ദീപാരാധന, മുളപൂജ, മഹാഭഗവത്സേവ, അത്താഴ പൂജ തുടർന്ന് വേട്ടക്കരൻപാട്ട് (കളംപാട്ട്) |

## 30.03.2025 ഞായർ

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതിഹോമം, ഉഷപൂജ, മുളപൂജ, ശാന്തിപൂജ, അത്ഭുതശാന്തി ഹോമം, ഹോമകലശാഭിഷേക ഉച്ചപൂജ |
| വൈകുന്നേരം 5 മണിമുതൽ | ഹോമകുണ്ഡശുദ്ധി, ദീപാരാധന, മുളപൂജ, പായസഹോമം, സർപ്പബലി, മഹാഭഗവത് സേവ, അത്താഴപൂജ |
| 8 മണിക്ക് ശേഷം | പ്രത്യേകപരിപാടി |

## 31.03.2025 തിങ്കൾ

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതിഹോമം ഉഷപൂജ, മുളപൂജ, ശാശാന്തിഹോമം ഹോമകലശാഭിഷേകം, ഉച്ചപൂജ |
| വൈകുന്നേരം 5.00 മണിമുതൽ | ഹോമകുണ്ഡശുദ്ധി, ദീപാരാധന മുളപൂജ, ഭഗവത് സേവ, അത്താഴപൂജ, |
| 8.00 മണിക്ക് ശേഷം | പ്രത്യേക പരിപാടി |

## 01.04.2025 ചൊവ്വ

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതിഹോമം, ഉഷപൂജ, മുളപൂജ, ചോരശാന്തിഹോമം, ഉപദേവന്മാർക്ക് വിശേഷാൽ പൂജകൾ ഹോമകുണ്ഡശുദ്ധി, കലശമണ്ഡപശുദ്ധി, ദീപാരാധന, മുളപൂജ, മഹാഭഗവത് സേവ, അത്താഴപൂജ |
| 8 മണിക്ക് ശേഷം | വിശേഷ പരിപാടികൾ |

## 02.04.2025 ബുധൻ

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതിഹോമം, ഉഷപൂജ, മുളപൂജ, തത്ത്വഹോമം, തത്ത്വകലശപൂജ, ബ്രഹ്മകലശപൂജ, പരികലശപൂജ, തത്ത്വകലശാഭിഷേകം, ഉച്ചപൂജ |
| വൈകുന്നേരം 5 മണിമുതൽ | അധിവാസഹോമം, ദീപാരാധന, കലശാധിവാസം, മഹാഭഗവത് സേവ, അത്താഴപൂജ |

## 03.04.2025 വ്യാഴം

| | |
|---|---|
| കാലത്ത് 5.30 മുതൽ | മഹാഗണപതിഹോമം, ഉഷപൂജ, പരികലശാഭിഷേകം, അഷ്ടബന്ധക്രിയ ബ്രഹ്മകലാശാഭിഷേകം |
| തുടർന്ന് 11 മണിക്ക് ശേഷം | പ്രസാദഊട്ട് |

## ആചാര്യവരണം

ദേവ ചൈതന്യത്തിന് ഉണ്ടായിട്ടുള്ള ചൈതന്യഹാനി തീർത്ത്, സമസ്ത ലോകശ്രേയസ്സാകുന്ന നവീകരണ കലശം നടത്തി തുവാൻ ക്ഷേത്രേശനും ജനങ്ങളും ആചാര്യനോട് അപേക്ഷിക്കുന്നു. ദേവാഗ്രമണ്ഡപത്തിൽ വെച്ച് സ്വർണ്ണവും പവിത്രവും ദ്രവ്യ – വസ്ത്ര – താംബൂലാദികളും സമർപ്പിച്ച് ഈ ക്രിയ ചെയ്യുന്നു. നവീകരണ കലശത്തിന് ആവശ്യമായ എല്ലാ സാധനസാമഗ്രികളും യഥാസമയം നൽകിക്കൊള്ളാമെന്ന് ക്ഷത്രോശാദികളും ഇവയെ ഉപയോഗിച്ച് കലശം വിധി പ്രകാരം നിർവ്വഹിച്ചുകൊള്ളാം എന്ന് ആചാര്യനും, ദേവസന്നിധിയിൽ പ്രതിജ്ഞയെടുത്ത് ദേവപ്രദക്ഷിണം ചെയ്ത് നമസ്കരിക്കുന്നു. എല്ലാ ഭക്തജനങ്ങളും ഈ സമയത്ത് ക്ഷേത്രത്തിൽ സന്നിഹിതരായിരിക്കണം.

## അങ്കുരാർപ്പണം (മുളയിടൽ)

വൈകുന്നേരം ആചാര്യ വരണത്തിനു ശേഷം മുളയിടുന്നു അനുജ്ഞാകലശത്തിനും പ്രതിഷ്ഠക്കുമായി രണ്ട് മുളയാണ് അന്ന് ഇടുന്നത് വിവിധ തരത്തിലുള്ള വിത്തുകൾ, പതിനാറ് പാലികകളിൽ വീതം മന്ത്രപുരസ്സരം സമർപ്പിച്ച് നനച്ച് വളർത്തിയെടുക്കുന്നതാണ് ബീജോരോപണക്രിയ

## മുളദ്രവ്യങ്ങൾ

ഇതിനുപയോഗിക്കുന്ന ഓരോ വിത്തും ഓരോ ദേവതാ പ്രാധാന്യമുള്ളവയാണ്. ഔഷധയുടെ നായകനായ സോമന്റെ ഷോഢശ പ്രതിനാറ് കലകളെയാണ് മുളകാമ്പിലകൾ ഓരോന്നും വെയ്ക്കുന്നതിന്റെ ചുറ്റുമായി അമൃതസ്വരൂപിയായ സോമനെ പ്രതിനിധാനം ചെയ്യുന്ന മുളക്കാമ്പിലകൾ വെയ്ക്കുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ദേവന്റെ മാലിന്യം തീർത്ത് അമൃതത്തിലേക്ക് നയിക്കുകയാണ്. ബീജാധിദേവന്മാരുടെ ചൈതന്യം പകർന്ന് നൽകുന്ന ഈ ക്രിയ കലശം ഉത്സവം എന്നീ അവസരങ്ങൾ വളരെ പ്രാധാന്യമുള്ളതാണ്.

## പ്രസാദശുദ്ധി

പരം, സൂക്ഷ്മം, സ്ഥൂലം എന്നീ അവസ്ഥാവിശേഷങ്ങളിലാണ് ദേവന്റെ അസ്ഥിത്വം നില നിൽക്കുന്നത്. പരം ചൈതന്യാവസ്ഥയും, സൂക്ഷ്മം ബിംബോപാധിയും, സ്ഥൂലം ദേവശരീരമാക്കുന്ന ക്ഷേത്രവുമാണ്. ഇവ എപ്പോഴും ശുദ്ധമായിരിക്കേണ്ടതാണ്. പ്രസാദ ശുദ്ധി സ്ഥൂല ഭാവത്തെ അഥവാ ദേവ ശരീരത്തെ ശുദ്ധീകരിക്കുന്ന പ്രക്രിയകളാണ്. ദേവ ശരീരത്തെ ബാധിച്ചിരിക്കുന്ന നൂനതകളെ മുഷ്ടി കൊണ്ട് അടിച്ച് കളഞ്ഞ്, പഞ്ചഗവ്യാദികൾ കൊണ്ട് തളിച്ചു ശുദ്ധമാക്കുന്നു. ആയതിനു ശേഷം ദേവന്റെ അധിഷ്ഠാനമായ ശക്തി സ്വരൂപമായ പ്രസാദത്തെ പൂജിച്ച് പ്രസാദ ശുദ്ധി ചെയ്യുന്നു.

## ശാന്തിഹോമങ്ങളും, കലശാഭിഷേകവും

ഓരോ ദേവന്മാർക്കും പ്രത്യേകം പ്രത്യേകം വിധമായിട്ടുള്ളതാണ് ശാന്തിഹോമം, ദേവ ചൈതന്യത്തിന്റെ ബാഹ്യാഭ്യന്തര ശുദ്ധിയാക്കി ഈ ഹോമം നടത്തുന്നു.

## ചോരശാന്തി ഹോമം

ക്ഷേത്രത്തിൽ ചോര പ്രവേശം ഉണ്ടായാൽ ചെയ്യേണ്ടതാണ്. ഇത് മനസ്സിൽ ആസക്തിയോടുകൂടി പ്രവേശിക്കുന്ന കള്ളന്റെയും, ഹിംസാക്രാന്തമായ ക്രൂരമൃഗങ്ങളുടെയും മനോഭാവം ദേവന്റെ സൂക്ഷ്മവും, ശുദ്ധവുമായ ഭാവത്തിന് കളങ്കം ഏൽപിക്കുന്നു. ഇതുമൂലം ദേവന്റെ നിഗ്രഹാനുഗ്രഹ ശക്തികളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു. അപ്പോൾ ദേവന് ഈശ്വരീയ വൃത്തികൾ ചെയ്യുവാൻ സാധിക്കാതെ വരുന്നു. ഈ ദോഷങ്ങളുടെ പരിഹാരമായിട്ടാണ് ചോരശാന്തി ഹോമം നടത്തുന്നത്.

## ശ്വാശാന്തി ഹോമം (നായ ശാന്തി)

നായ, കഴുകൻ, മൂങ്ങ, ചേര എന്നീ ക്ഷുദ്ര ജീവികൾ പ്രവേശിച്ചാൽ ദോഷം സംഭവിക്കുന്നു. ഈ ദോഷ പരിഹാർത്ഥമായിട്ടാണ് ശ്വാശാന്തി ഹോമം നടത്തുന്നത്.

## അത്ഭുത ശാന്തി ഹോമം

ദേവനിൽ അത്ഭുത പ്രതിഭാസങ്ങൾ സംഭവിക്കുന്നതും ദോഷജനകമാണ്. ദേവൻ ചിരിക്കുന്നതായും, കരയുന്നതായും, വിയർക്കുന്നതായും മറ്റും തോന്നുന്നതാണ് അത്ഭുത പ്രതിഭാസങ്ങൾ. ഇത്തരം ദോഷം ഇല്ലാതാക്കുന്നതിനാണ് അത്ഭുത ശാന്തി ഹോമം നടത്തുന്നത്. ദേവന്റെ സൂക്ഷ്മ സ്വഭാവങ്ങളെ പുനഃരുജ്ജീവിപ്പിച്ച് സന്തുലിതമാക്കുകയാണ് പ്രായശ്ചിത്തം ഭൂതൽക്കുള്ള വിവിധ ഹോമങ്ങളുടെ ലക്ഷ്യം തത്വകലശാഭിഷേകങ്ങളിലൂടെ ഈ ലക്ഷ്യം നിറവേറ്റപ്പെടുന്നു.

## തത്തത്വഹോമം

നിരാകാരമായിരിക്കുന്ന ശുദ്ധ ചൈതന്യത്തെ ശരീരമായി കൽപിക്കുന്നതാണ് ദേവപ്രതിഷ്ഠ ശരീരത്തിന്റെ ഉപാധികളായിരിക്കുന്ന പഞ്ചഭൂതങ്ങളുടെയും കർമ്മേന്ദ്രീയ ജ്ഞാനേന്ദ്രീയങ്ങളുടെയും, പഞ്ചതന്മാത്രകളുടെയും, സൂക്ഷ്മങ്ങളായ മനസ്സ്, ബുദ്ധി, അഹങ്കാരം ഇവകളുടെയും ശരിയായ സമ്മേളനമാണ് ഇത്. ഈ അവസ്ഥയിൽ മാത്രമെ ശരീരപൂർത്തി വരുന്നുള്ളു. ശരീരത്തിന്റെ പൂർത്തിയിലാണ് ജീവന്റെ നിലനിൽപ്പ് സംഭവിക്കുന്നത്. ദേവശരീരം തത്ത്വങ്ങളെക്കൊണ്ടാണ് സൃഷ്ടിക്കപ്പെടുന്നത്. തത്ത്വ ഹോമത്താൽ എല്ലാ തത്ത്വങ്ങളേയും പുനഃസൃഷ്ടിച്ച് ദേവന് അന്യൂനമായിരിക്കുന്ന ശരീരത്തേയും തദ്വാര ശരീരസ്ഥജീവനാകുന്ന ദേവചൈതന്യത്തെയും ശുദ്ധീകരിച്ച് പുഷ്ടിപ്പെടുത്തുകയാണ് ചെയ്യുന്നത്. ദേവാഗ്രമണ്ഡപത്തിൽ അഗ്നി ജനനം ചെയ്ത് ദേവശരീരമാക്കി തീർക്കുന്ന അഗ്നിയിൽ തത്ത്വങ്ങളെ ആവർത്തിച്ച് ഹോമിച്ച് ഹോമശിഷ്ട സമ്പാദം തത്ത്വങ്ങളെ ആവാഹിച്ച് പൂജിച്ചിരിക്കുന്ന തത്ത്വകലശത്തിൽ ചേർത്ത് ദേവന് അഭിഷേകം ചെയ്യുന്നു. വാദ്യ വിശേഷമായതും വളരെ ഭക്തിയോടുകൂടി കൈകാര്യം ചെയ്യേണ്ടതുമാണ്.

## രക്ഷോഘ്ന (വാസ്തു ഹോമങ്ങൾ, വാസ്തുബലി, വാസ്തുകലശ പൂജ)

ദേവനെ ബാധിച്ചിരിക്കുന്ന രാക്ഷസിയ ഭാവങ്ങളെ നശിപ്പിക്കുന്നതിന് രക്ഷോഘ്ന ഹോമം നടത്തുന്നു. വാസ്തു സംബന്ധമായിട്ടുള്ള ഹോമങ്ങൾ നിർവ്വഹിക്കുന്നതിന് വാസ്തു ഹോമവും, വാസതു ബലിയും നടത്തുന്നു. വാസ്തു കലശം പൂജിച്ച് അഭിഷേകം ചെയ്തു വാസ്തു പുണ്യാഹം നടത്തി ഒന്നാം ദിവസത്തെ ക്രിയകൾ പൂർത്തിയാക്കുന്നു.

## ബിംബശുദ്ധി (കലശപൂജകളും, അഭിഷേകവും)

ശുക്ഷ്മോപാധിയായ ബിംബത്തെ ശുദ്ധീകരിക്കുന്ന ക്രിയകളാണ് രണ്ടാം ദിവസം രാവിലെ നടത്തുന്നത് അതുകൊണ്ട് ഇവയെം ബിംബശുദ്ധി കലശങ്ങൾ എന്ന് പറയുന്നു. അവ ചതുശുദ്ധി, ധാര പഞ്ചഗവ്യം, പഞ്ചകം എന്നിവയാകുന്നു.

## ചതുഃശുദ്ധി

നാൽപ്പാരേം, ചുറ്റുമണ്ണ്, മുതലായവ ദ്രവ്യങ്ങൾ നിറച്ച് പൂജിക്കുന്ന നാലു കലശങ്ങളെ അഭിഷേകം ചെയ്തു ബിംബാഗതമായിരിക്കുന്ന മാലിന്യങ്ങളെ ലൗകീക ന്യായേന തേച്ചു കഴുകി വൃത്തിയാക്കുക.

## ധാര

ദേവശിരസ്സാകുന്ന സഹസ്രാരപത്മത്തിൽ മന്ത്രമായിരിക്കുന്ന ജലധാര ചെയ്യുന്ന ക്രിയയാണ് ധാര ഈ ജലധാര ദേവശിരസ്സിൽ നിന്ന് സകല നാഡീസമൂഹങ്ങളിലേക്കും ഒഴുകിയെത്തി, മന്ത്ര ശുദ്ധിവരുത്തുന്നു. നാലു വേദങ്ങളും, സപ്തശുദ്ധി മുതലായ വിവിധ സൂക്തങ്ങൾ എന്നിവയാണ് ധാരക്കുവേണ്ടി ജപിക്കുന്നത്.

## പഞ്ചഗവ്യം

പഞ്ചഗവ്യം അഭിഷേകം ചെയ്യപ്പെടുന്നതിലൂടെ പഞ്ചഭൂത ഗുണങ്ങളായ ശബ്ദ – സ്പർശ – രൂപ – രൂപ – രസ – ഗന്ധങ്ങളുടെ ഗുണ വിശേഷങ്ങളും ബിംബ ബിംബോപാധിയിൽ പുനഃസൃഷ്ടിക്കപ്പെടുന്നു. ബിംബശുദ്ധീകരണവും ഇതിലൂടെ സാധ്യമാകുന്നു.

## പഞ്ചകം

തത്ത്വങ്ങൾ കൊണ്ടാണ് ദേവചൈതന്യം സൃഷ്ടിക്കപ്പെടുന്നതും, നിലനിൽക്കുന്നതും തത്ത്വങ്ങളിൽ പരമപ്രധാനങ്ങളായ പഞ്ച തത്ത്വങ്ങളാൽ അഞ്ച് കലശങ്ങൾ നിറക്കപ്പെട്ട് പൂജിക്കപ്പെടുന്നു. പഞ്ചകാഭിഷേകത്തിൽ കൂടി ദേവന് തത്ത്വപൂർത്തി സംഭവിക്കുന്നു.

## പ്രായശ്ചിത്ത ഹോമം

രാവിലെ പ്രായശ്ചിത്ത ഹോമം നടത്തുന്നു. ദേവനിൽ വന്നേക്കാവുന്ന ജ്ഞാതാ ജ്ഞാതങ്ങളായ സമസ്ത ദോഷങ്ങളുടെയും പരിഹാരത്തിനായ് പ്രായശ്ചിത്ത ഹോമം നടത്തുന്നു. അഗ്നിജനനം ചെയ്ത് ദേവസ്വരൂപമാക്കിത്തീർത്ത് കുണ്ഡങ്ങളിൽ വിവിധ ഹോമ ദ്രവ്യങ്ങൾ സമർപ്പിച്ച്, ഹോമശിഷ്ട സമ്പാദം കലശത്തിൽ നിറച്ച് ഹോമ കലശങ്ങൾ പൂജിക്കുന്നു. ഈ കലശാഭിഷേകം മൂലം ഹോമ ജന്യഫലങ്ങൾ ദേവനിൽ സംക്രമിക്കപ്പെടുന്നു.

# കളംപാട്ട് (വേട്ടക്കരൻ പാട്ട്)

## 29.03.2025 ശനിയാഴ്ച



ഇന്ന് കേരളത്തിലുള്ള കിരാതമൂർത്തി ക്ഷേത്രങ്ങളിൽ നടത്താറുള്ള ഏറ്റവും വിശേഷപ്പെട്ട ഉത്സവമാണ് കളംപാട്ട് (വേട്ടക്കരൻ പാട്ട്) ക്ഷേത്രം തന്ത്രിയുടെ മുഖ്യകാർമികത്വത്തിൽ നടത്തുന്ന ഈ ഉത്സവം കുറുപ്പന്മാർ ഭഗവാന്റെ തിരുമുറ്റത്ത് ഭഗവാന്റെ രൂപം കളംവരച്ച് കുരുത്തോലകൾ തൂക്കി, പട്ടുകുറയണിഞ്ഞ് വേട്ടക്കരൻ പാട്ടുപാടി നടത്തുന്ന ഈ ചടങ്ങളിൽ സ്ത്രീ ജനങ്ങൾ താലവുമായി വാദ്യഘോഷങ്ങളോടെ കോമരം തുള്ളി എഴുന്നള്ളിക്കുമ്പോൾ ഭക്തജനങ്ങൾക്കുണ്ടാവുന്ന ഭക്തിനിർഭരമായ അനുഭൂതി പറഞ്ഞിറിയിക്കാൻ പറ്റാത്തതാണ്. ചടങ്ങിന്റെ അവസാനമായി കോമരം ഓരോ ഭക്തന്റെയും, പ്രത്യേകിച്ച് വഴിപാടു ചെയ്യുന്നവരുടെയും വിഘ്നങ്ങളെല്ലാം മാറ്റി ഉദ്ദിഷ്ഠകാര്യ സിദ്ധിക്കായി നാളികേരങ്ങൾ എറിഞ്ഞെടക്കുന്നതു കാണുമ്പോൾ നമ്മൾ എല്ലാവരുടെയും മനസ്സിലെ അന്ധകാരം നീക്കി ഭക്തിയുടെ വെളിച്ചത്തിലേക്ക് നാം അറിയാതെ തന്നെ പോവുന്നത് നമ്മൾ അനുഭവിച്ചറിയുക തന്നെ വേണം.



ഈ ക്ഷേത്രത്തിന്റെ ഐതീഹ്യം തന്നെ സന്താനങ്ങളില്ലാത്ത ശേഖരിവർമ്മ രാജാവിന് സന്താനഭാഗ്യത്തിനായി ഈ ദേവനെ പ്രാർത്ഥിച്ച് വഴിപാട് നടത്തുവാൻ പ്രശ്നവിധിപ്രകാരം നിശ്ചയിക്കുകയും, അങ്ങിനെ അദ്ദേഹത്തിന് സൽപുത്രഭാഗ്യം തന്നെ ഉണ്ടാവുകയും തനിക്ക് കിട്ടിയ ഈ സൗഭാഗ്യം എല്ലാ ജനങ്ങൾക്കും ലഭിക്കുന്നതിനായി ഈ ക്ഷേത്രം നിർമ്മിച്ച് പ്രതിഷ്ഠ നടത്തുകയും ചെയ്തു എന്നാണ് കഴിഞ്ഞ കുറച്ചു കാലങ്ങളായി ഈ ക്ഷേത്രത്തിൽ ഈ കളംപാട്ട് ഉത്സവം നടത്തുന്നുണ്ട്. അതിന്റെ ഗുണഫലങ്ങൾ ദേശത്ത് കാണുകയും ചെയ്യുന്നുണ്ട്. ഈ കളംപാട്ട് വഴിപാട് നടത്തുന്നവർക്ക് വിവാഹം സന്താനസൗഭാഗ്യം ഉണ്ടാവുമെന്ന് അനുഭവത്തിലൂടെ അറിഞ്ഞതാണ്.

വരും വർഷങ്ങളിൽ ശുദ്ധീകലശത്തോടനുബന്ധിച്ച് ഈ ഉത്സവം മുടങ്ങാതെ നടത്തുന്നതാണ്. ഇത് വഴിപാട് ചെയ്യുവാൻ ഭക്തജനങ്ങൾക്ക് ഒരു വർഷത്തിൽ എപ്പോൾ വേണമെങ്കിലും രശീതിയാക്കാവുന്നതാണ്. രശീതിയാക്കുന്നവരെ ബന്ധപ്പെട്ട് ഉത്സവം നടത്തുന്ന ദിവസവും വിശദവിവരങ്ങളും അറിയിച്ച് വേണ്ട സൗകര്യം ചെയ്യുന്നതാണ്.

**കളംപാട്ട് വഴിപാട് : 5000 രൂപ**

## പ്രധാനപ്പെട്ട വഴിപാടുകൾ

| | |
|---|---|
| • അഷ്ടദ്രവ്യ മഹാഗണപതിഹോമം രാവിലെ (വിഘ്ന നിവാരണത്തിന്) | 150 രൂപ |
| • മഹാഭഗവത് സേവ വൈകുന്നരം (ഐശ്വര്യം കാര്യസിദ്ധി) | 150 രൂപ |
| • വേദമന്ത്ര പുഷ്പാഞ്ജലി എല്ലാദിവസവും (ഉദിഷ്ഠകാലത്തിന്) | 50 രൂപ |
| • ബ്രഹ്മകലശം (3–ാം തിയ്യതി കാലത്ത്) അദീഷ്ഠകാര്യസിദ്ധി | 1000 രൂപ |
| • പരികലശം (3 ന് കാലത്ത്) മനഃശാന്തി | 1000രൂപ |
| • സർപ്പബലി (30 ന് വൈകീട്ട് സർപ്പദോഷ നിവാരണം സന്താന ലബ്ധി) | 200 രൂപ |

**നിറമാല**

| | |
|---|---|
| തലച്ചിലവന് | 1500 രൂപ |
| ഭഗവതിക്ക് | 1500 രൂപ |

**ചുറ്റവിളക്ക്**

| | |
|---|---|
| തലച്ചിലവന് | 1500 രൂപ |
| (എള്ള് കിഴി) | 2000 രൂപ |
| ഭഗവതിക്ക് | 1500 രൂപ |

## അന്നദാനം വഴിപാട്

| | |
|---|---|
| പ്രഭാത ഭക്ഷണം | 20 രൂപ (ഒരാൾക്ക്) |
| ഉച്ചഭക്ഷണം | 25 രൂപ (ഒരാൾക്ക്) |
| ഒരു ദിവസത്തെ പ്രഭാത ഭക്ഷണം | 2000 രൂപ |
| ഒരു ദിവസത്തെ ഉച്ചഭക്ഷണം | 3000 രൂപ |
| ഒരു ദിവസത്തെ വൈകുന്നേരത്തെ ഭക്ഷണം | 2000 രൂപ |
| കലവറ നിറയ്ക്കൽ | |

**നിറപറകൾ**

1. നെൽപറ
2. അരിപറ
3. മലർപറ
4. അവിൽപറ
5. പണപറ

**വിശേഷ പരിപാടികൾ സ്പോൺസർ ചെയ്യാവുന്നതാണ്.**

**അന്നദാനത്തിനും പൂജയ്ക്കും ആവശ്യമായ എല്ലാ സാധനങ്ങളും വഴിപാടായി സ്വീകരിക്കുന്നതാണ്.**

# വിഷുവേല മഹോത്സവം

**14.04.2025 തിങ്കളാഴ്ച**

ആരിന്റെ ആരിന്റെ വേലവരവാണ്
മേലൂർ തലച്ചിലവന്റെ വേലവരവാണ്

## പരിപാടികൾ

| | | | |
|---|---|---|---|
| കാലത്ത് | 4.00 മണിക്ക് | – | തൃക്കണി |
| | 5.30 ന് | – | ഗണപതിഹോമം |
| | 6.00 ന് | – | ഉഷപൂജ |
| | 8.00 ന് | – | കൊടിയേറ്റം |
| | 9.00 ന് | – | കേളി, തുടർന്ന് കരിവേല ആരംഭം (കേളിയോടുകൂടി പറ വെക്കൽ ആരംഭിക്കുന്നതാണ്.) നെൽപറ – 151, അരിപറ – 301, പണപ്പറ – 501 |
| | 11.00 ന് | – | ഉച്ചപൂജ |
| വൈകു | 4.00 ന് | – | തായമ്പക (കുത്തനൂർ രാജൻ & ടീം) |
| | | – | തുടർന്ന് കൊമ്പ്, കുഴൽപറ്റ്, കേളി |
| | 6.15 ന് | – | ദീപാരാധന |
| | 6.30 ന് | – | വിവിധ പരിപാടികളോടെ വേല ക്ഷേത്രത്തിൽ നിന്നും പുറപ്പെടുന്നു. |
| | 8.00 ന് | – | അത്താഴ പൂജ |
| | 10.30 ന് | – | തുടർന്ന് വിവിധ ദേശക്കാരുടെ വേല കാവു കയറിയശേഷം ദേശവേല കാവുകയറി പര്യവസാനിക്കുന്നു. |

# കണ്യാർകളി മഹോത്സവം

**15.04.2025 to 19.04.2025**

| | | | |
|---|---|---|---|
| കാലത്ത് | 5.45 ന് | : | ഗണപതിഹോമം |
| | 6.00 ന് | : | ഉഷപൂജ |
| | 10.00 ന് | : | ഉച്ചപൂജ |
| വൈകു: | 6.15 ന് | : | കേളി |
| | 6.30 ന് | : | ദീപാരാധന |
| | 8.00 ന് | : | അത്താഴപൂജ |

**15.04.2025**
കാലത്ത് 5.30 ന് : തലച്ചിലവൻകളി

**16.04.2025**
കാലത്ത് 2.00 മണിക്ക് : പള്ള്കളി
വൈകു: 9.00 മണിക്ക് : ആണ്ടികളി

**17.04.2025**
വൈകു: 9.00 മണിക്ക് : വള്ളുവൻകളി

**18.04.2025**
വൈകു: 9.00 മണിക്ക് : മലമകളി

**19.04.2025**
കാലത്ത് 8.00 ന് : പൂവാരൽ

# പ്രത്യേക പരിപാടികൾ

**27.03.2025 വ്യാഴാഴ്ച**

| | | |
|---|---|---|
| നവൈകുന്നേരം 8 മണിക്ക് | : | വിശേഷാൽ പരിപാടികൾ |

**28.03.2025 വെള്ളിയാഴ്ച**

| | | |
|---|---|---|
| വൈകുന്നേരം 8 മണിക്ക് | : | ഭക്തിപ്രഭാഷണം |
| അവതരണം | | (ശ്രീമതി. സതി ഭാസ്കർ, പുതുപ്പരിയാരം) |

**29.03.2025 ശനിയാഴ്ച** — **കളംപാട്ട് മഹോത്സവം**

**30.03.2025 ഞായറാഴ്ച**

| | | |
|---|---|---|
| വൈകുന്നേരം 8 മണിക്ക് | : | സംഗീതകച്ചേരി |
| അവതരണം | | കലാമണ്ഡലം ശ്രീലയ രാജേഷ് |

**31.03.2025 തിങ്കളാഴ്ച**

| | | |
|---|---|---|
| വൈകുന്നേരം 8 മണിക്ക് | : | ഓട്ടംതുള്ളൽ |
| അവതരണം | : | കുഞ്ചൻനമ്പ്യാർ സ്മാരകം |
| | | ശങ്കരനാരായണൻ, കിള്ളിക്കുറുശ്ശിമംഗലം) |

**01.04.2025 ചൊവ്വാഴ്ച**

| | | |
|---|---|---|
| വൈകുന്നേരം 8 മണിക്ക് | : | ഭജനാമൃതം |

**02.04.2025 ബുധനാഴ്ച**

| | | |
|---|---|---|
| വൈകുന്നേരം 8 മണിക്ക് | : | വിശേഷാൽ പരിപാടികൾ |

# ശ്രീ മേലൂർ തലച്ചിലവൻ ഓഡിറ്റോറിയം



വിവാഹനിശ്ചയം, വിവാഹം തുടങ്ങിയ മംഗളകാര്യങ്ങൾക്ക് നവീകരിച്ച ക്ഷേത്രം അഗ്രശാല വാടകക്ക് നൽകുന്നതാണ്. 500 കസേര, 40 ടേബിൾ പാചകത്തിനാവശ്യമായ അടുക്കള, പാത്രങ്ങൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ലഭ്യമാണ്. നിങ്ങളുടെ സഹകരണം ഈ ക്ഷേത്രത്തിന്റെ നടത്തിപ്പിന് അത്യാവശ്യമാണ്. കൂടാതെ ക്ഷേത്ര സന്നിധിയിൽ ഇത്തരം മംഗളകാര്യങ്ങൾ നടത്തുന്നത് ഒരു പുണ്യമായി കണ്ട് എല്ലാവരും സഹകരിക്കുക.

**ഫോൺ – 9946409163**